റവന്യൂ പുറമ്പോക്കുകൾ

27 (*269) ശ്രീ. സി. മോയിൻകുട്ടി :

ശ്രീ. എം. ഉമ്മർ :

ശ്രീ. പി. ബി. അബ്ദുൾ റസാക് :

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ്, പാലം, ഓഫീസ് കെട്ടിടങ്ങൾ എന്നിവയ്ക്കായി റവന്യൂ വകുപ്പ് ഏറ്റെടുക്കുന്ന സ്ഥലം യഥാസമയം ഉപയോഗപ്പെടുത്താത്തത് കയ്യേറ്റങ്ങൾക്ക് വഴിയൊരുക്കുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) റോഡ് പുറമ്പോക്കുകൾ പൊതു ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താത്തതിനാൽ അടുത്ത വസ്തു ഉടമകളും, കച്ചവടക്കാരും കൈവശപ്പെടുത്തി വികസനത്തിന് തടസ്സമുണ്ടാക്കുന്നത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പൊതുമരാമത്ത് വകുപ്പിൽ ഉപയോഗപ്പെടുത്താതെയുള്ള പുറമ്പോക്കുകൾ വേലികെട്ടി സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ & ബി) പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗത്തിൻ കീഴിൽ വരുന്ന പ്രവൃത്തികൾക്ക് റവന്യൂ വകുപ്പ് ഏറ്റെടുക്കുന്ന സ്ഥലം കാലതാമസം കൂടാതെ തന്നെ ഉപയോഗപ്പെടുത്താറുള്ളതിനാൽ കയ്യേറ്റങ്ങൾ ഉണ്ടാകാറില്ല. അഥവാ ഏതെങ്കിലും തരത്തിൽ റോഡ് പുറമ്പോക്കുകൾ കൈവശപ്പെടുത്തി എന്ന വിവരം ലഭ്യമായാൽ അപ്പോൾ തന്നെ അവ ഒഴിപ്പിക്കുന്നതിനായി നോട്ടീസ് നൽകി റവന്യൂ അധികാരികളെക്കൊണ്ട് അളന്ന് നിർണ്ണയിച്ച് ഒഴിപ്പിക്കൽ നടപടി പൂർത്തിയാക്കാറുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പിൽ ഉപയോഗപ്പെടുത്താതെയുള്ള പുറമ്പോക്കുകൾ വേലികെട്ടി സംരക്ഷിക്കുന്നത് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്നതാകയാൽ ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly